## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4698 14.11.2019-ൽ മറുപടിയ്ക്ക്**

## റോഡുകളിലെ അനധികൃത കയ്യേറ്റം

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ**

(എ) സംസ്ഥാനത്ത് എൻ. എച്ച്. -കളിലും പി. ഡബ്ല്യു. ഡി. -റോഡുകളിലും വ്യാപകമായ രീതിയിൽ സ്ഥലം കൈയ്യേറി ഭക്ഷണശാലകളും മറ്റ് കച്ചവട സ്ഥാപനങ്ങളും നടത്തുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് ട്രാഫിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും യാത്രക്കാർക്ക് ബസ്സ് കാത്ത് നിൽക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നതും,നിരോധിത ലഹരി സാധനങ്ങൾ വിൽക്കുന്ന കേന്ദ്രങ്ങളായും മാറുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ), (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ചില സ്ഥലങ്ങളിൽ അത് ട്രാഫിക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ലഹരി സാധനങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നോട്ടീസ് നൽകുകയും മൂന്ന് ദിവസത്തിനകം നീക്കം ചെയ്യാത്തവ പോലീസ് സഹായത്തോടെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ